


റിപ്പോർട്ട് ● വി.കെ അബ്ദു

# തഫ്ഹീമുൽ ഖുർആൻ കമ്പ്യൂട്ടർ പതിപ്പ് റമദാനിൽ

**വർണങ്ങളുടെ** അതിപ്രസരമില്ലാത്ത അത്യന്തം ലളിതമായ മുഖപ്പേജ്. ഉപയോക്താവുമായി പെട്ടെന്ന് സൗഹൃദത്തിലാവുന്ന സോഫ്റ്റ്‌വെയർ ഘടന. വളരെ എളുപ്പത്തിൽ പരിശീലിക്കാവുന്ന ഉപയോഗക്രമം. വിശ്വോത്തര പണ്ഡിതനും നവോത്ഥാന നായകനുമായ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ പ്രശസ്ത ഖുർആൻ വ്യാഖ്യാന ഗ്രന്ഥമായ *തഫ്ഹീമുൽ ഖുർആൻെറ* മലയാളം കമ്പ്യൂട്ടർ പതിപ്പിൻെറ മുഖ്യ സവിശേഷതകളാണിത്. ആധുനിക വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി വിശുദ്ധ ഖുർആന്റെ വ്യാപകമായ പ്രചാരണം ലക്ഷ്യമാക്കുന്ന മലയാളത്തിലെ ആദ്യത്തെ അതിബൃഹത്തായ ഖുർആനിക വൈജ്ഞാനിക സംരംഭത്തിന്റെ അവസാന മിനുക്കുപണികൾ അണിയറയിൽ നടക്കുകയാണ്. പരിശുദ്ധ റമദാൻ മാസത്തിൽ കമ്പ്യൂട്ടർ പതിപ്പ് മലയാളികളുടെ കരങ്ങളിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു.

ശാന്തപുരം അൽജാമിഅ അൽഇസ്‌ലാമിയ കാമ്പസിൽ പ്രത്യേകം സജ്ജമാക്കിയ ഓഫീസിൽ 2007 ജൂലൈ 8-നാണ് ജമാഅത്തെ ഇസ്‌ലാമി കേരള ഹൽഖാ അമീർ ടി. ആരിഫലി *തഫ്ഹീമുൽ ഖുർആൻ* കമ്പ്യൂട്ടർവത്കരണ പ്രവർത്തനങ്ങളുടെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചത്. കമ്പ്യൂട്ടറിലും കമ്പ്യൂട്ടർ പ്രോഗ്രാമിംഗിലും വൈദഗ്ധ്യം നേടിയ ഒരുപറ്റം പ്രവർത്തകരുടെ ഒരു വർഷത്തോളം നീണ്ട കഠിനയത്നം. വിവരശേഖരണത്തിനും ക്രോഡീകരണത്തിനുമായി പണ്ഡിതരും പ്രഗത്ഭരുമായ വലിയൊരു വിഭാഗത്തിന്റെ അകമഴിഞ്ഞ സഹകരണം. അതോടൊപ്പം ശാന്തപുരം അൽജാമിഅ അധികൃതരുടെയും അധ്യാപകരുടെയും വിദ്യാർഥികളുടെയും പരിപൂർണ പിന്തുണ. ദൈവിക സന്ദേശം കാലഘട്ടത്തിന്റെ ഭാഷയിൽ മലയാളി സമൂഹത്തിന് പരിചയപ്പെടുത്തുകയാണ് ലക്ഷ്യം.

ആകർഷകമായ ഉസ്മാനി ലിപി, ഖുർആൻ പദങ്ങളുടെ വാക്കർഥം, ഖുർആൻ പദസൂചി, മലയാളത്തിലും ഇംഗ്ലീഷിലും ആയത്തുകളുടെ അർഥം, വ്യത്യസ്ത രീതികളിൽ ഇൻഡക്സ് സൗകര്യം, ഖുർആൻ ആദ്യം മുതൽ പേജ് മറിച്ച് വായിക്കാനും പാരായണം കേൾക്കാനും സൗകര്യം, അലി അബ്ദുർറഹ്മാൻ ഹുദൈഫി, സഅദ് അൽഗാമിദി, അഹ്മദ് അൽഅജമി എന്നീ മൂന്ന് പ്രശസ്ത ഖാരിഉകളുടെ പാരായണം, തഫ്ഹീമിലെ ആയിരത്തോളം പദങ്ങളുടെ വിശദീകരണം, തഫ്ഹീം വിഷയാധിഷ്ഠിത സെർച്ച്, തജ്‌വീദ് പഠനത്തിന് വിപുലമായ സംവിധാനം, തഫ്ഹീമിൽ ഉദ്ധരിച്ച ഹദീസുകളുടെ അറബിക് ടെക്സ്റ്റുകൾ സനദ് സഹിതം, തഫ്ഹീമിൽ സൂചിപ്പിക്കുന്ന ബൈബിൾ ഉദ്ധരണികളുടെ പൂർണരൂപം, സന്ദർഭോചിതമായി തെരഞ്ഞെടുക്കാവുന്ന ചിത്രങ്ങളുടെയും മാപ്പുകളുടെയും ശേഖരം, വീഡിയോ ക്ലിപ്പുകൾ, ഖുർആൻ പഠനത്തിലേക്ക് വെളിച്ചം പകരുന്ന അനേകം ലേഖനങ്ങളുൾക്കൊണ്ട ഖുർആൻ ലൈബ്രറി, പഠന പരിശോധനയും പ്രോത്സാഹനവും ലക്ഷ്യമാക്കുന്ന ഖുർആൻ ക്വിസ് എന്നിവയെല്ലാം കമ്പ്യൂട്ടർ പതിപ്പിന്റെ സവിശേഷതകളിലുൾപ്പെടുന്നു.

സോഫ്റ്റ്‌വെയർ പ്രവർത്തന സജ്ജമാകുന്നതോടെ 'ഈ ഖുർആൻ ഏറ്റവും ശരിയായ മാർഗം കാണിച്ചുതരുന്നു' എന്നു തുടങ്ങുന്ന സൂറ *അൽ ഇസ്രാഇലെ* ഒമ്പതാം സൂക്തത്തിന്റെ പശ്ചാത്തല പാരായണത്തോടെ കമ്പ്യൂട്ടർ സ്ക്രീനിൽ തെളിഞ്ഞുവരുന്ന ലളിതമായ മുഖപ്പേജ്. ആവശ്യമായ മെനുകളെല്ലാം അവിടെ മലയാളത്തിൽ ക്രമീകരിച്ചിരിക്കുന്നു. സ്ക്രീനിന്റെ മുകൾഭാഗത്ത് മെനുബാറിന് താഴെ ആകർഷകമായ ഉസ്മാനി ലിപിയിലെ ഖുർആൻ സൂക്തങ്ങൾ. താഴെ ഇടതുവശത്തെ കോളത്തിൽ സൂക്തങ്ങളുടെ മലയാള അർഥം. ഇവിടെ നൽകിയിരിക്കുന്ന നമ്പറുകളിൽ മൗസ് ബട്ടൺ ക്ലിക്ക് ചെയ്യുന്നതോടെ ഇടതുവശത്തെ കോളത്തിൽ തഫ്ഹീം കുറിപ്പുകൾ പ്രത്യക്ഷമാകുന്നു. കുറിപ്പ് എത്ര ദീർഘിച്ചതാണെങ്കിലും സ്ക്രോൾ ബാറുകൾ ചലിപ്പിച്ച് പേജ് മുഴുക്കെ കാണാനുള്ള സൗകര്യമുണ്ട്. ഇവിടെ സന്ദർഭോചിതമായി നൽകിയിരിക്കുന്ന ഹൈ

പർ ലിങ്കുകൾ നിങ്ങളെ തഫ്ഹീം സോഫ്റ്റ്‌വെയറിന്റെ അതിവിശാലമായ ലോകത്തേക്ക് നയിക്കുന്നു. വ്യക്തിനാമം, സ്ഥലനാമം, ചരിത്രസൂചന എന്നിവയുടെ വിശദീകരണങ്ങൾ, തഫ്ഹീമിൽ നൽകിയിരിക്കുന്ന ബൈബിൾ ഉദ്ധരണികൾ, ക്രോസ് റഫറൻസുകൾ, ഹദീസുകളുടെ സനദ് സഹിതമുള്ള അറബിക് ടെക്സ്റ്റുകൾ, ചിത്രങ്ങൾ, മാപ്പുകൾ, വീഡിയോ ക്ലിപ്പുകൾ എന്നിവയൊക്കെ ഒരൊറ്റ മൗസ് ക്ലിക്കിലൂടെ നിങ്ങൾക്ക് ലഭ്യമാവുന്നു.

കേവലം പേജ് മറിച്ചുകൊണ്ടുള്ള വിരസമായൊരു വായനാ രീതിയല്ല സോഫ്റ്റ്‌വെയറിൽ അവലംബിച്ചിരിക്കുന്നത്. *തഫ്ഹീമുൽ ഖുർആനിൽ* സയ്യിദ് മൗദൂദി അനുവർത്തിച്ച അതേ ഘടന പിന്തുടരുന്നതോടൊപ്പം അതിന്റെ വിവര വൈപുല്യത്തിലേക്ക് അനായാസം വായനക്കാരെ എത്തിക്കുകയാണ് കമ്പ്യൂട്ടർ പതിപ്പ് ചെയ്യുന്നത്. ഖുർആൻ സൂക്തങ്ങൾ പ്രത്യക്ഷപ്പെടുന്ന വിൻഡോയിൽ പദങ്ങളുടെ മുകളിൽ മൗസ്പോയിന്റർ ചലിപ്പിക്കുന്നതോടെ അവയുടെ വാക്കർഥം പ്രത്യക്ഷമാകുന്നു. അതേ സ്ക്രീനിൽ താഴെ ഇടതുവശത്ത് ആയത്തുകളുടെ അർഥം ലഭിക്കും. സ്ക്രീനിന്റെ വലതുവശം തഫ്ഹീം കുറിപ്പുകൾക്കും വിശദീകരണങ്ങൾക്കും നീക്കിവെച്ചിരിക്കുന്നു. ആവശ്യമായ വിവരങ്ങളൊക്കെ വലിയ കാത്തിരിപ്പോ പ്രയാസമോ ഇല്ലാതെ ഏതാനും മൗസ് ക്ലിക്കുകളിലൂടെ പെട്ടെന്ന സ്ക്രീനിൽ ലഭ്യമാക്കാൻ ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. ഉപയോക്താവിന്റെ താൽപര്യമനുസരിച്ച് തഫ്ഹീമിന്റെ ഏതു ഭാഗവും ഏതു വിഷയവും വളരെ പെട്ടെന്ന് സ്ക്രീനിൽ പ്രത്യക്ഷമാക്കാവുന്നതാണ്. സ്ഥല നാമങ്ങൾ, ചരിത്ര സംഭവങ്ങൾ എന്നിവ പരാമർശിക്കുന്ന ഭാഗത്ത് നൽകിയിരിക്കുന്ന ഹൈപർ ലിങ്കുകളിൽ മൗസ് ബട്ടൺ അമർത്തിയാൽ ബന്ധപ്പെട്ട ചിത്രങ്ങളും മാപ്പുകളും വീഡിയോകളും കാണാം. ഉദാഹരണമായി ഉഹുദു യുദ്ധം പരാമർശിക്കുമ്പോൾ യുദ്ധക്കളത്തിന്റെ മാപ്പും ചിത്രവും പ്രത്യക്ഷമാകുന്നു. മദീനാ പലായനത്തിനിടെ പ്രവാചകനും അബൂബക്കർ സിദ്ദീഖും അഭയം തേടിയ ഥൗർ ഗുഹ പരാമർശിക്കുന്ന ഭാഗത്ത് കാണുന്ന ഹൈപ്പർ ലിങ്കിൽ ക്ലിക്ക് ചെയ്താൽ ആ ഗുഹയിലേക്കൊരു യാത്രയുടെ പ്രതീതി ഉളവാക്കുന്ന വീഡിയോ ക്ലിപ്പ് കാണാൻ സാധിക്കും. ഈ രീതിയിൽ മിക്ക പ്രവാചകൻമാരുടെയും ജീവചരിത്രവുമായി ബന്ധപ്പെട്ട സ്ഥലങ്ങളുടെയും മറ്റും വീഡിയോ ക്ലിപ്പുകളും സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കിയിരിക്കുന്നു. തഫ്ഹീമിൽ പരാമർശിക്കപ്പെടുന്ന വ്യക്തി നാമങ്ങളുടെയും സ്ഥല നാമങ്ങളുടെയും മറ്റും വിശദീകരണം അതത് സ്ഥാനങ്ങളിൽ തന്നെ ലഭ്യമാകുന്നതാണ്.

പാരായണം ചെയ്ത ഭാഗങ്ങൾ അടയാളപ്പെടുത്താനും ആവശ്യമായ സന്ദർഭങ്ങളിൽ അവ പെട്ടെന്ന് ലഭ്യമാക്കാനുമുള്ള 'ബുക്ക്മാർക്ക്' സൗകര്യം മുഖപ്പേജിൽ തന്നെ നൽകിയിരിക്കുന്നു. ഒരേസമയം നിരവധി ഭാഗങ്ങൾ അടയാളപ്പെടുത്താവുന്നതാണ്. ആവശ്യം കഴിയുമ്പോൾ അടയാളം ഒഴിവാക്കാനും സാധിക്കും. മുഖപ്പേജിൽ പ്രത്യക്ഷമാകുന്ന അധ്യായങ്ങൾ സംബന്ധിച്ച വിവരണം ഒരൊറ്റ മൗസ് ക്ലിക്കിലൂടെ വളരെ പെട്ടെന്ന് ലഭിക്കുന്നു. അധ്യായ നാമത്തിന്റെ സവിശേഷത, അവതരണ കാലം, ക്രമം, സൂക്തങ്ങളുടെ എണ്ണം, ഉള്ളടക്കം എന്നിവയൊക്കെ ഇവിടെ ലഭ്യമാകുന്നു. മൗസ് ബട്ടൺ ക്ലിക്ക് ചെയ്ത് മുൻപേജിലേക്കും അടുത്ത പേജിലേക്കുമൊക്കെ പെട്ടെന്ന് കടക്കാൻ സാധിക്കും. തഫ്ഹീമുൽ ഖുർആനിൽ സൂക്തങ്ങൾ പ്രത്യേകം ഖണ്ഡികകളായി സയ്യിദ് മൗദൂദി വേർതിരിച്ച അതേ രീതി തന്നെ സോഫ്റ്റ്‌വെയറിലും അനുവർത്തിച്ചിരിക്കുന്നു. ഓരോ ഖണ്ഡികയിലെയും ഖുർആൻ സൂക്തങ്ങളുടെ പാരായണം മുഖപ്പേജിലെ 'പ്ലേ' ബട്ടണിൽ മൗസ് ക്ലിക്ക് ചെയ്തു കേൾക്കാവുന്നതാണ്. പ്രമുഖ പണ്ഡിതനും മദീനയിലെ പ്രവാചക പള്ളിയിലെ മുഖ്യ ഇമാമുമായ ശൈഖ് അലി അബ്ദുർറഹ്മാൻ ഹുദൈഫിയുടെ ഖുർആൻ പാരായണമാണ് ഇവിടെ നൽകിയിരിക്കുന്നത്. ഇതിനുപുറമെ ആശയത്തിനും ശബ്ദഗാംഭീര്യത്തിനും ഊന്നൽ നൽകി സഅദ് അൽഗാമിദി, അഹ്മദ് അൽഅജമി എന്നിവരുടെ പാരായണം കേൾക്കാനും സോഫ്റ്റ്‌വെയറിൽ സംവിധാനമുണ്ട്.

സോഫ്റ്റ്‌വെയറിലെ സെർച്ച് സംവിധാനം ഉപയോഗപ്പെടുത്തി ഖുർആനിക പദങ്ങളിൽ യഥേഷ്ടം തെരച്ചിൽ നടത്താവുന്നതാണ്. പദത്തിനായി തെരച്ചിൽ നടത്തുന്നതോടെ ആ പദം പരാമർശിക്കുന്ന സൂക്തങ്ങളുടെ അധ്യായ നമ്പറും സൂക്തത്തിന്റെ നമ്പറും സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്നു. ഇതിൽ നിന്ന് ആവശ്യമുള്ളവ തെരഞ്ഞെടുത്ത് സ്ക്രീനിൽ പ്രത്യക്ഷമാക്കാവുന്നതാണ്. അറബി ടൈപ്പിംഗ് അറിയാത്തവർക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താനായി സെർച്ച് വിൻഡോയിൽ അറബി കീബോർഡ് ലേഔട്ട് നൽകിയതിനാൽ മൗസ് ബട്ടണുപയോഗിച്ച് അക്ഷരങ്ങൾ സെലക്ട് ചെയ്യാം. തജ്‌വീദ് പഠനത്തിന് സോഫ്റ്റ്‌വെയറിൽ അതിവിപുലമായ സംവിധാനമാണൊരുക്കിയിരിക്കുന്നത്. ഓരോ നിയമത്തിന്റെയും വിശദാംശങ്ങളും വിധികളും മലയാളത്തിൽ നൽകിയതോടൊപ്പം അതിന്റെ മൂന്ന് മാതൃകകൾ ശൈഖ് ഹുദൈഫിയുടെ ശബ്ദത്തിലൂടെ കേൾക്കാനും സാധിക്കും. മദ്റസകളിൽ തജ്‌വീദ് അധ്യയനത്തിന് അധ്യാപകർക്കും വിദ്യാർഥികൾക്കും ഏറെ പ്രയോജനപ്പെടുത്താവുന്ന രീതിയിലാണ് സോഫ്റ്റ്‌വെയറിന്റെ ഈ ഭാഗം ക്രമപ്പെടുത്തിയിരിക്കുന്നത്.

വിഷയാധിഷ്ഠിത സെർച്ച് നടത്താനുള്ള സൗകര്യമാണ് തഫ്ഹീം സോഫ്റ്റ്‌വെയറിന്റെ മറ്റൊരു പ്രത്യേകത. ഖുർആൻ വിഷയങ്ങളും തഫ്ഹീം വിഷയങ്ങളും പ്രത്യേകം ട്രീ രൂപത്തിലും പട്ടിക രൂപത്തിലും ലഭ്യമാക്കാം. ഖത്വീബുമാർക്കും പ്രസംഗകർക്കും സ്റ്റഡി ക്ലാസ് എടുക്കുന്നവർക്കും വിദ്യാർഥികൾക്കും ഗവേഷകർക്കുമൊക്കെ ഈ സൗകര്യം വലിയ തോതിൽ പ്രയോജനപ്പെടും. വിശ്വാസം, വിജ്ഞാനം, പൂർവ സമുദായങ്ങൾ, അനുഷ്ഠാന കർമങ്ങൾ എന്നിങ്ങനെ ഒട്ടനവധി മുഖ്യവിഷയങ്ങളും അവയുടെ ഉപവിഷയങ്ങളുമായി തരംതിരിച്ചതിനാൽ ആവശ്യപ്പെടുന്ന വിഷയങ്ങൾ തേടിപ്പിടിക്കാൻ നിഷ്പ്രയാസം സാധ്യമാകും. സയ്യിദ് മൗദൂദിയുടെ ജീവചരിത്രം, ഗ്രന്ഥങ്ങൾ, തഫ്ഹീം മലയാളപതിപ്പിന്റെ വിവർത്തനക്കുറിപ്പ്, വിവർത്തകർ, കമ്പ്യൂട്ടർ പതിപ്പ് സംബന്ധിച്ച വിവരണങ്ങൾ തുടങ്ങിയ ഒട്ടേറെ വിവരങ്ങളും ഉൾപ്പെടുത്തിയതിനു പുറമെ ഉപയോഗക്രമം വിവരിക്കുന്ന സഹായ മെനുവും സോഫ്റ്റ്‌വെയറിലുണ്ട്.

ആയിരം രുപ മുഖവില കണക്കാക്കുന്ന സോഫ്റ്റ്‌വെയർ നിശ്ചിത കാലാവധിക്ക് മുമ്പ് രജിസ്റ്റർ ചെയ്യുന്നവർക്കെല്ലാം നൂറ് രൂപക്ക് നൽകാനാണ് തീരുമാനം. സൗഊദി കെ.ഐ.ജിയുടെ സഹകരണത്തോടെ വികസിപ്പിച്ച സോഫ്റ്റ്‌വെയറിന്റെ വിതരണം ഹിറാ സെന്റർ ആസ്ഥാനമായി പ്രവർത്തിക്കുന്ന 'ധർമധാര'യുടെ ആഭിമുഖ്യത്തിലാണ് നടക്കുന്നത്.

vkabdu@gmail.com